# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എളവള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.4.)1187/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 27/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എളവള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.4.)1187/2022. തീയ്യതി: 27/07/2022

## തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 03-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ എൻ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 04-07-2022 | 13-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-07-2022 | 13-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) മീര.ടി., ഓഡിറ്റ് ഓഫീസർ

2) ഷൈനി കൃഷ്ണദാസ് , അസി.ഓഡിറ്റ് ഓഫീസർ

3) അനീറ്റ ഡൊമിനിക്, ഓഡിറ്റർ

4) സ്വാലിഹ്. സി.പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| യു.കെ.ലതിക | പ്രസിഡന്റ് | 01-04-2020 | 01-12-2020 |
| അഡ്ഹോക്ക് കമ്മിറ്റി | പ്രസിഡന്റ് | 02-12-2020 | 29-12-2020 |
| ജിയോ ഫോക്സ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| തോമാസ് അലിയാസ് രാജൻ | സെക്രട്ടറി | 01-04-2020 | 04-03-2021 |
| ആൽഫ്രഡ് എം.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആൽഫ്രഡ് എം.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| പ്രശാന്ത് അരവിന്ദ്കുമാർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ബാബു കെ.പോൾ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ചിന്ത കെ പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ.ഹസീന കെ എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.ദിവ്യശ്രീ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ.അജിത്കുമാർ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| മോളി പി എസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ഹരി കെ.എ. | വി.ഇ.ഒ. (വാക സർക്കിൾ) | 01-04-2020 | 31-03-2021 |
| പി.വി.രാജു | വി.ഇ.ഒ. (ബ്രഹ്മകുളം സർക്കിൾ) | 01-04-2020 | 01-06-2020 |
| ഹരി കെ. എ. | വി.ഇ.ഒ. (ബ്രഹ്മകുളം സർക്കിൾ) | 02-06-2020 | 09-11-2020 |
| ബൈജു വിൻസെന്റ് | വി.ഇ.ഒ. (ബ്രഹ്മകുളം സർക്കിൾ) | 10-11-2020 | 31-03-2021 |
| ഉഷ കെ.എസ്. | ഐ.സി.ഡി.എസ് | 01-04-2020 | 31-05-2020 |

| | | | |
|---|---|---|---|
| | .സൂപ്പർവൈസർ | | |
| റാഹില എം.എം. | ഐ.സി.ഡി.എസ് .സൂപ്പർവൈസർ | 01-06-2020 | 31-03-2021 |
| ഷിബു | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 13-01-2021 |
| ബീന | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 14-01-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Swalih C.P (Auditor, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Swalih C.P (Auditor, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Swalih C.P (Auditor, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Meera T (Audit Officer, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Meera T (Audit Officer, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: Swalih C.P (Auditor, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Swalih C.P (Auditor, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 16-07-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Meera T (Audit Officer, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 15-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Meera T (Audit Officer, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-11 |
| 12 | വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-12 |
| 13 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-13 |
| 14 | വസ്തു നികുതി-റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-14 |
| 15 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-15 |

| | | |
|---|---|---|
| | Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | |
| 16 | ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-16 |
| 17 | വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-17 |
| 18 | വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-18 |
| 19 | വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-19 |
| 20 | വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-20 |
| 21 | വരവിനങ്ങൾ യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-21 |
| 22 | വരവിനങ്ങൾ - ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-22 |
| 23 | Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-23 |
| 24 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-24 |
| 25 | ആസ്തി രജിസ്റ്റർ നിശ്ചിത മാതൃകയിലല്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-25 |
| 26 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-26 |
| 27 | ഡിപ്രിസിയേഷൻ അതാത് ആസ്തികളുടെ ശീർഷകങ്ങൾക്ക് അനുസരിച്ചോ ആസ്തികളുടെ ഗണത്തിന് അനുസരിച്ചോ A(Group Of Assets) പുനക്രമീകരിച്ചിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-27 |
| 28 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-28 |
| 29 | ഡെപ്പോസിറ്റ് - ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-29 |
| 30 | അഡ്വാൻസ്- അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് | 1-30 |

| | | |
|---|---|---|
| | നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | |
| 31 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് -ACR – രേഖപ്പെടുത്തലിലെ അപാകതകൾ<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022) | 1-31 |
| 32 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ്- ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൌണ്ടുകളുടെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-32 |
| 33 | "Cheques Deposited But Not Credited" -ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.<br>Written By: Swalih C.P (Auditor, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-33 |
| 34 | സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം - നീക്കിയിരിപ്പുകളിലെ വ്യത്യാസം<br>Written By: Swalih C.P (Auditor, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-34 |
| 35 | ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ ട്രയൽ ബാലൻസ്- നീക്കിയിരിപ്പിൽ ഒരു ഇനത്തിനു തന്നെ ഡെബിറ്റ് ക്രെഡിറ്റ് നീക്കിയിരിപ്പ് ഒരേ സമയം ചേർത്തിരിക്കുന്നു.<br>Written By: Swalih C.P (Auditor, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-35 |
| 36 | രസീതുകളുടെ പരിപാലനം - അപാകതകൾ.<br>Written By: Swalih C.P (Auditor, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 27-07-2022) | 1-36 |
| 37 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകതകൾ<br>Written By: Swalih C.P (Auditor, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-37 |
| 38 | തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല.<br>Written By: Swalih C.P (Auditor, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-38 |
| 39 | റേഷൻ കടകൾ, കള്ള് ഷോപ്പുകൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.<br>Written By: Swalih C.P (Auditor, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-39 |
| 40 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി<br>Written By: Swalih C.P (Auditor, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-40 |
| 41 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി.<br>Written By: Swalih C.P (Auditor, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-41 |
| 42 | വ്യാപാര ലൈസൻസ് അപാകങ്ങൾ<br>Written By: Anita Dominic (Auditor, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-42 |
| 43 | വാടക-റവന്യൂ റിക്കവറി നടപടികളുടെ തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്<br>Written By: Anita Dominic (Auditor, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-43 |

| | | |
|---|---|---|
| 44 | ബൈലോകൾക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്<br>Written By: Anita Dominic (Auditor, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-44 |
| 45 | സബ്സിഡി മാർഗ്ഗരേഖയിലെ സ്പെസിഫിക്കേഷനിൽ നിന്നും വ്യത്യാസപ്പെട്ട് വാങ്ങലുകൾ നടത്തി<br>Written By: Anita Dominic (Auditor, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-45 |
| 46 | ടി.എച്ച്.ആർ.എസ്.ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്<br>Written By: Anita Dominic (Auditor, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 27-07-2022) | 1-46 |
| 47 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്-കെൽട്രോണിന് അധിക തുക നൽകി<br>Written By: Anita Dominic (Auditor, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-47 |
| 48 | പത്താം തരം,പ്ലസ് വൺ, പ്ലസ് ടു തുല്യത -രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 16-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-48 |
| 49 | സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം നടത്തിയിട്ടില്ല<br>Written By: Anita Dominic (Auditor, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 27-07-2022) | 1-49 |
| 50 | കാൻ തൃശ്ശൂർ -വിനിയോഗരേഖകൾ ലഭ്യമായിട്ടില്ല<br>Written By: Anita Dominic (Auditor, On 16-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-50 |
| 51 | ലൈഫ് ഭവന പദ്ധതി -പണി പൂർത്തീകരിച്ചിട്ടില്ല<br>Written By: Meera T (Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-51 |
| 52 | വീട് വാസയോഗ്യമാക്കൽ (എസ്.സി.)-ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല<br>Written By: Meera T (Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-52 |
| 53 | ചെലവു രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-53 |
| 54 | ജലനിധി പദ്ധതി-കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി നിർദേശങ്ങൾ നടപ്പാക്കേണ്ടതാണ്.<br>Written By: Meera T (Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-54 |
| 55 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 14-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-55 |
| 56 | ആശ്രയ പദ്ധതി - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 14-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-56 |
| 57 | മാലിന്യ സംസ്കരണ കേന്ദ്രം വൈദ്യുതീകരണം -സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-57 |
| 58 | ക്രിമിറ്റോറിയം മോടിപിടിപ്പിക്കൽ - കാലതാമസം കൂടാതെ പ്രവൃത്തി | 1-58 |

| | | |
|---|---|---|
| | പൂർത്തീകരിക്കേണ്ടതാണ്<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 27-07-2022) | |
| 59 | ബഡ്സ് സ്കൂൾ നിർമ്മാണം തുടർച്ച- പണി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 27-07-2022) | 1-59 |
| 60 | പ്രവൃത്തി പൂർത്തീകരണം- കാലതാമസത്തിന്പിഴ ഈടാക്കിയിട്ടില്ല<br>Written By: Meera T (Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-60 |
| 61 | വനിത ടോയ്‌ലറ്റിൽ എയർകണ്ടീഷണർ സ്ഥാപിച്ചത്- പ്രോജക്ടിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയിട്ടില്ല<br>Written By: Meera T (Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-61 |
| 62 | ഇൻസിനറേറ്റർ -തുടർ പ്രവർത്തനം ഉറപ്പ വരുത്തേണ്ടതാണ്<br>Written By: Meera T (Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 1-62 |
| 63 | ഡെപ്പോസിറ്റ് പ്രവൃത്തി- ഭൂജല വകുപ്പിൽ നിന്ന് തിരികെ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്<br>Written By: Meera T (Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 27-07-2022) | 1-63 |
| 64 | പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-07-2022)<br>Last Updated By: Meera T (Audit Officer, On 27-07-2022) | 1-64 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Meera T (Audit Officer, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Meera T (Audit Officer, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Meera T (Audit Officer, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 04-07-2022) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: Meera T (Audit Officer, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Meera T (Audit Officer, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Meera T (Audit Officer, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 14-07-2022) | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Meera T (Audit Officer, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 04-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Meera T (Audit Officer, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 14-07-2022) | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Meera T (Audit Officer, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 27-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Meera T (Audit Officer, On 04-07-2022)<br>Last Updated By: Meera T (Audit Officer, On 26-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 24.03.2020 | 1(1) | 252695370 | 258026170 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 16.02.2021 | 4(1) | 280099492 | 282165082 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 25.8.21 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23625062.18 |
| വരവ് | 91927844 |
| ആകെ | 115552906.18 |
| ചെലവ് | 89887567 |
| നീക്കിയിരിപ്പ് | 25665339.18 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 14684176 | 14684176 | 13851486 | 832690 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 3801157 | 3801157 | 3801157 | 0 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 22519000 | 22519000 | 22488494 | 30506 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3863524 | 3863524 | 3855466 | 8058 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Untied (ACR പ്രകാരം) | 0 | 11931815 | 11931815 | 6455997 | 5475818 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied (ACR പ്രകാരം) | 0 | 5280000 | 5280000 | 1662482 | 3617518 |

## 1-5 പദ്ധതി അവലോകനം

2020-21 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 371 | 126594098 | 224 | 67610174 | 101 | 46 | 60.38 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 453.4 | 524331 | 524784.4 | 523246 | 1538.4 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് + മെറ്റീരിയൽ കോസ്റ്റ് | 0 | 12596317 | 12596317 | 12596317 | 0 |

*സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 6365300 | 362 |
| വിധവാ പെൻഷൻ | 18051800 | 1133 |
| വാർദ്ധക്യകാലപെൻഷൻ | 36388300 | 2568 |
| വികലാംഗ പെൻഷൻ | 4456400 | 293 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2238900 | 138 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 360000 | 12 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.2022 തീയതിയിൽ 3.15 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15285/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1, 3 എന്നിവയിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.05.2022 | 01.01.2022 മുതൽ 31.03.2022 വരെ | 18.05.2022 |
| അക്കൗണ്ടന്റ് | 23.08.2017 | 2012-13 മുതൽ | 09.11.2017 |

| | | | |
|---|---|---|---|
| ജനറൽ | | 2016-17വരെ | |

## 1-11 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))
(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-12 വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2608260 | 2571980 | 36121 | 5718 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2608260 | 2566421 | 36121 | 5720 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (6006x100/105) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനേക്കാൾ 5599രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

4.മുൻകൂർ തുക ക്രമീകരിക്കാനവശേഷിക്കുന്ന തുകയുടെ 1/4/20 ലെ മുൻബാക്കി 8251 മാത്രമായിരിക്കേ Prior Period

Items എന്ന ശീർഷകത്തിലൂടെ സാങ്കല്പികമായി 27870 രൂപ വർദ്ധിപ്പിച്ചാണ് മുൻകൂർ ക്രമീകരിച്ച തുക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-13 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1428626 | 1367518 | 54773 | 8352 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1428626 | 1365501 | 54773 | 8352 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (8770x100/105) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 2017രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

4.മുൻകൂർ തുക ക്രമീകരിക്കാനവശേഷിക്കുന്ന തുകയുടെ 1/4/20 ലെ മുൻബാക്കി 2270 മാത്രമായിരിക്കേ Prior Period Items എന്ന ശീർഷകത്തിലൂടെ സാങ്കല്പികമായി 52503 രൂപ വർദ്ധിപ്പിച്ചാണ് മുൻകൂർ ക്രമീകരിച്ച തുക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-14 വസ്തു നികുതി-റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 71264 | 69110 | 2320 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 61464 | 68944 | 2330 |
| | (64537x100/105) (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | |
|---|---|---|---|
| | ബി-15) | ആർ.പി-45) | |

1.ഡിമാന്റ്,കളക്ഷന്, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 166 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

4. വാർഷിക കണക്ക് പ്രകാരം ഡിമാന്റിനേക്കാൾ കൂടുതൽ കളക്ഷൻ വന്നതായി കാണുന്നു.

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-15 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 163650 | 146966 | 16704 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 81863 | 146946 | 16705 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (17540x100/105) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ്,കളക്ഷൻ എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 20 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

4.വാർഷിക കണക്ക് പ്രകാരം ഡിമാന്റിനേക്കാൾ കൂടുതൽ കളക്ഷൻ വന്നതായി കാണുന്നു.

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-16 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|
| | തൻ | കുടിശ്ശിക | ആകെ | തൻ | കുടിശ്ശിക | ആകെ | | | തൻ | കുടിശ്ശിക | ആകെ |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | വർഷം | | | വർഷം | | | | | വർഷം | | |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 133153 | 3759 | 136912 | 131143 | 3514 | 134657 | 1959 | - | 288 | 127 | 413 |
| | നോൺ-റെസിഡൻഷ്യൽ | 72164 | 8213 | 80377 | 69077 | 7357 | 76434 | 2770 | - | 418 | 836 | 1254 |
| | ആകെ | 217289 | | | 211091 | | | 4729 | | 1667 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 217289.57 | | | 211091 | | | - | 215620 | 1669.57 | | |
| | | (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-35(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1.ഡിമാന്റ്, കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത്, ബാക്കി എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 211091 രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 215620 രൂപയാണ്.

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-17 വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 4861 | 271803 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 2037 | 486700 |

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-18 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2020ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ)

വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ എളവള്ളി ഗ്രാമപഞ്ചായത്തിൽ 173 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണയായി 31/3/21 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധൂത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-19 വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2020-21 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. എന്നാൽ “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും ആയത് തൻവർഷത്തേയ്ക്ക് ക്രമീകരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2020-21ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 2 | 350410101-Advance Collection Of Revenues -Property Tax On Residential Building | 8251 | 36121 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 2270 | 54773 |

ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42000629 | 31/3/21 | 27870 |

നോൺ-റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42000630 | 31/3/21 | 52503 |

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-20 വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-21 വരവിനങ്ങൾ യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 1536023 | 31.3.21 | 42000606 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-22 വരവിനങ്ങൾ - ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | | രജിസ്റ്റർ പ്രകാരമുള്ള തുക | | റിമാർക്സ് |
|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ | |
| Public Comfort Station | 6000 | 4200 | 7200 | 6000 | 1200 രൂപ ലോക്ഡൗൺ ഇളവ് ആയി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | അനുവദിച്ചിട്ടുണ്ട്. ആയതിന് ആധികാരികമായ ജേണൽ വൗച്ചർ ലഭ്യമാക്കിയിട്ടില്ല. |

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-23 Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം "290000000-Prior Period Income", "190000000-Prior Period Expenditure "എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 290600201- Prior Period Expenses - Remission And Refund - License Fees | -15,685.00 |
| 290600499 Prior Period Expenses - Remission And Refund - Other Incomes | -100,000.00 |
| 290800201 Prior Period Expenses - Administrative Expense | 160,410.00 |
| 290800401 Prior Period Expenses - Interest And Finance Charge | 23.00 |
| 290800601 Prior Period Expenses - Revenue Grants & Contribution | -10,683.00 |
| 190100101 Prior Period Income-Property Tax | 98,456.00 |
| 190200101 Prior Period Income - Rent From Building | 4,000.00 |
| 190300599 Prior Period Income - Recovery Of Revenues Written Off - Other Incomes | 7,036.00 |

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-24 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-25 ആസ്തി രജിസ്റ്റർ നിശ്ചിത മാതൃകയിലല്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-26 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2040277രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 32659506രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-27 ഡിപ്രിസിയേഷൻ അതാത് ആസ്തികളുടെ ശീർഷകങ്ങൾക്ക് അനുസരിച്ചോ ആസ്തികളുടെ ഗണത്തിന് അനുസരിച്ചോ A(Group Of Assets) പുനക്രമീകരിച്ചിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-28 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(c,f)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 13121101രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കുകൾ പ്രകാരം ആകെ ചെലവ് 13119563 രൂപയാണ്. .

ആകെ ചെലവ് തുകയും തൻവർഷത്തെ മുന്നിരിപ്പും ബാങ്ക് പലിശയും (453+ 1085) കൂട്ടിയുള്ള തുകയാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

വാർഷികകണക്കുകൾ തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-29 ഡെപ്പോസിറ്റ് - ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരം | റിമാർക്ക്സ് |
|---|---|---|---|
| Bidders EMD- Receipt | 10000 | 0 | |
| Bidders EMD- Closing Balance | 15500 | 5500 | |
| Contractors Retention -Receipt | 366014 | 285027 | |
| Contractors Retention -Payment | 80987 | 40000 | |

| | | | |
|---|---|---|---|
| Contractors Retention -Closing Balance | 424863 | 384863 | |

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-30 അഡ്വാൻസ്- അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരം | റിമാർക്സ് |
|---|---|---|---|
| Advance To Implimenting Officers – Payment | 196300 | 496300 | |
| Advance To Others – Payment | 515560 | 453130 | |
| Advance To Implimenting Agencies GWD- Payment | 170000 | 0 | |
| Advance To Implimenting Agencies KSEB- Payment | 76571 | 0 | |

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-31 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് -ACR – രേഖപ്പെടുത്തലിലെ അപാകതകൾ

1. ജലനിധി വരവ് ചെലവ് നീക്കിയിരിപ്പ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. എ സി ആർ പ്രകാരം ബ്ലോക്ക് വിഹിതം ( Capital Expenditure) എന്ന ഇനത്തിൽ ബഡ്സ് സ്കൂളിനായി 1000000 രൂപ വരവും ചെലവുമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

3. Total Sanitation വരവ് ചെലവ് നീക്കിയിരിപ്പ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ യഥാർത്ഥ വരവ് 160000രൂപയാണെങ്കിലും വാർഷിക കണക്കിലെ RP-31 പ്രകാരം 320000രൂപ വരവ് കാണിച്ചിട്ടുണ്ട്.

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-32 പ്രത്യേകോദ്ദേശ്യ ഗ്രാന്റ്- ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൌണ്ടുകളുടെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320700104 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1194000 | 450210104 | ട്രഷറി സ്പെ. ടി എസ് ബി Joint Venture | 1000000 |
| 2 | 320700105 | ജില്ലാ പഞ്ചായത്ത് വിഹിതം | 1250000 | | | |
| 3. | 320700204 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 546309 | | | |

| | | | | | | |
|---|---|---|---|---|---|---|
| 4 | 320700205 | ജില്ലാ പഞ്ചായത്ത് വിഹിതം | 1000000 | | | |
| | 320100128 | MGNREGS | 1538.4 | 450210101 | Union Bank | 2538.4 |

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-33 "Cheques Deposited But Not Credited" -ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം "Cheques Deposited But Not Credited" ആയി തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ബാങ്ക് അക്കൗണ്ട് | ചെക്ക് നമ്പർ / വൗച്ചർ നം | തീയ്യതി | തുക |
|---|---|---|---|
| Union Bank- Own Fund | 002136 | 18/11/20 | 370 |
| HDFC - Swiping | 1200100486 | 4.11.20 | 950 |
| | 1200100414 | 2.11.20 | 5000 |

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-34 സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം - നീക്കിയിരിപ്പുകളിലെ വ്യത്യാസം

എളവള്ളി ഗ്രാമപഞ്ചായത്ത് 6.10.2020 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 7.10.2020 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

1)Opening Balance Sheet

31.3.2020 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു.ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക് ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

2)പുതിയ സോഫ്റ്റ്‌വെയറിലേയ്ക്ക് മാറിയ തീയ്യതിയിലെ നീക്കിയിരിപ്പ് മുന്നിരിപ്പുകൾ

എളവള്ളി ഗ്രാമപഞ്ചായത്ത് 6.10.2020 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 7.10.2020 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. 6.10.2020 വരെ സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ കണക്കുകളുടെ സംക്ഷിപ്തമായി Income And Expenditure Account, Receipt And Payment Statement എന്നിവയിലെ നീക്കിയിരിപ്പുകൾ ILGMS ലെക്ക് മാറ്റിയത് സംബന്ധിച്ച പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

2.1.Receipt And Payment Statement

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി എടുത്തതിൽ വ്യത്യാസമില്ല

2.2.Income And Expenditure Account

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി എടുത്തതിൽ വ്യത്യാസമില്ല

2.3.Balance Sheet

ILGMS ൽ Opening Balancesheet (1.4.2020 പ്രകാരമുള്ളത് )രേഖപ്പെടുത്തുകയും തുടർന്ന് സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിപ്പിച്ച തീയ്യതിയിലെ (6.10.2020) Receipt, Payment എൻട്രികളുടെ ആകെ തുകകൾ രേഖപ്പെടുത്തുകയും തുടർന്ന് ജേണൽ മുഖേന ആ കാലയളവിൽ ആസ്തികളെയും ബാധ്യതകളെയും സംബന്ധിച്ച് നടത്തിയ രേഖപ്പെടുത്തലുകൾക്ക് വേണ്ടിയുള്ള അഡ്ജസ്റ്റ്മെന്റ് എൻട്രിയും രേഖപ്പെടുത്തി കഴിഞ്ഞാൽ സാംഖ്യ സോഫ്റ്റ്‌വെയർ

അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും അല്ലെങ്കിൽ ILGMSലെ ഓപ്പണിംഗ് ബാലൻസ്ഷീറ്റും തുല്യമാകേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും പൊരുത്തപ്പെടുന്നില്ല.

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി മാറ്റിയതിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ളശീർഷകം | സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള 6.10.2020 ലെ നീക്കിയിരിപ്പ് | ILGMS പ്രകാരമുള്ള ശീർഷകം | ILGMS ലെ 6.10.2020 ലെ മുന്നിരിപ്പ് | വ്യത്യാസം |
|---|---|---|---|---|
| 310000000-Panchayat Fund | 9843906.91 | 310000000 | 12755534.91 | |
| 320000000-Grants Fund Contribution For Specific Purpose | 10499953.4 | 320000000 | 10021885.4 | |
| 350000000-Other Liabilities | 591657.3 | 350000000 | (1947596.7) | |
| 4100000000-Fixed Assets | 147813280 | 410000000& 413000000&414000000&415000000 | 147807586 | |
| 460000000-Loans And Advance And Deposits | 3261643 | | 3161643 | |

(ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-35 ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ ട്രയൽ ബാലൻസ്- നീക്കിയിരിപ്പിൽ ഒരു ഇനത്തിനു തന്നെ ഡെബിറ്റ് ക്രെഡിറ്റ് നീക്കിയിരിപ്പ് ഒരേ സമയം ചേർത്തിരിക്കുന്നു.

ട്രയൽ ബാലൻസിൽ അതിന്റെ പേരു സൂചിപ്പിക്കുന്നതു പോലെ തന്നെ ഒരു ശീർഷകത്തിൽ ആ കാലയളവിലെ ട്രാൻസാക്ഷനുകൾക്ക് ശേഷമുള്ള നീക്കിയിരിപ്പ് (ക്രെഡിറ്റ് അല്ലെങ്കിൽ ഡെബിറ്റ്) നീക്കിയിരിപ്പാണ് വരേണ്ടത്. നീക്കിയിരിപ്പ് കോളത്തിൽ ഡെബിറ്റ് /ക്രെഡിറ്റ് നീക്കിയിരിപ്പുകൾ ചേർക്കേണ്ടതില്ല. എന്നാൽ ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ ട്രയൽ ബാലൻസ്- നീക്കിയിരിപ്പിൽ ഒരു ഇനത്തിനു തന്നെ ഡെബിറ്റ് ക്രെഡിറ്റ് നീക്കിയിരിപ്പ് ഒരേ സമയം ചേർത്തിരിക്കുന്നു. ഇത് അക്കൗണ്ടിംഗ് തത്വങ്ങളുമായി പൊരുത്തപ്പെടുന്നതല്ല.IKM മുമായി ബന്ധപ്പെട്ട് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്. ഈ ഡെബിറ്റ് ക്രെഡിറ്റ് നീക്കിയിരിപ്പുകളുടെ വ്യത്യാസമാണ് നീക്കിയിരിപ്പായി Income & Expenditure Accoount, Balancesheet എന്നിവയിലേക്ക് വന്നിരിക്കുന്നത്. (ഓഡിറ്റ് എൻക്വയറി 9/12.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-36 രസീതുകളുടെ പരിപാലനം - അപാകതകൾ.

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1.15281, 15282, 15283, 15284, 15285, 15292, 5595, 5596, 5598, 5599, 5600, 6130, 6131, 6132, 6135, 4334, 4335, 4336, 4337, 4338, 4339, 4340, 4345 എന്നീ രസീത് ബുക്കുകളിൽ രസീത് കൌണ്ട് സർട്ടിഫൈ ചെയ്തിട്ടില്ല. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 83, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 2 )

2. രസീതുകളിൽ തുക വെട്ടി തിരുത്തി എഴുതിയിട്ടുണ്ട്. ഉദാ: 40/5597 തീ : 16.3.2022, 41/5597 തീ : 16.3.2022, 32/15303 തീ : 8.2.2021 ആയത് ചട്ട വിരുദ്ധമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 11)

3. 6130,6131,15284,5600,4335,5599എന്നീ രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം ക്യാൻസൽ ചെയ്തിട്ടില്ല.

4. രസീത് ബുക്ക് നമ്പർ 4331,4332, 4333,6131,രസീത് ബുക്കുകളിലായി 30 രസീതുകളുടെ (ആകെ തുക : 21039) ഡ്യൂപ്ലിക്കേറ്റ് പാർട്ടിക്ക് നൽകിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ 2011 ചട്ടം 20, കെ.ടി.സി.

വോളിയം 1 ആർട്ടിക്കിൾ 90(എ) )

5. രസീത് നമ്പർ 37,38/ 4333(ആകെ തുക : 1888) എന്ന രസീതിന്റെ ഒറിജിനൽ പാർട്ടിക്ക് നൽകി ഡ്യൂപ്ലിക്കറ്റ് ആണ് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളത്. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 20, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(എ) )

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/13.7.2022)മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. രസീത് പരിപാലനത്തിൽ ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും കർശനമായും പാലിക്കേണ്ടതാണ്.

## 1-37 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകതകൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം | കെട്ടിട ഉടമ | ഫയൽ നം/അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 1/447 | കൊച്ചുവർക്കി ഷൈജു,വടക്കൂട്ട് | B3-249/20 20.10.2020 | 1.10.2020-31.3.2021 |
| 2 | 3/163 A | സി എസ് വർഗീസ്, ചിറ്റിലപ്പിള്ളി വൈദ്യക്കാരൻ | B3-3573/20 11.10.2020 | 1.10.2020-31.3.2021 |
| 3 | 5/402 A | ലീന ,പോളിയത്തു | JC2-455 20.3.2021 | 1.4.2020-30.9.2020 |
| 4 | 5/402 A | ലീന ,പോളിയത്തു | JC2-455 20.3.2021 | 1.10.2020-31.3.2021 |
| 5 | 8/440 B | ശശിധരൻ,കുന്നത്തു | B3-570/19 20.3.2021 | 1.4.2020-30.9.2020 |
| 6 | 8/440 B | ശശിധരൻ,കുന്നത്തു | B3-570/19 20.3.2021 | 1.10.2020-31.3.2021 |
| 7 | 9/448 | എളവള്ളി കുരിശുപള്ളി ഹാൾ | SC3-649/21 15.2.2021 | 1.4.2020-30.9.2020 |
| 8 | 9/448 | എളവള്ളി കുരിശുപള്ളി ഹാൾ | SC3-649/21 15.2.2021 | 1.10.2020-31.3.2021 |

മേൽവിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/13.7.2022) നൽകിയ മറുപടിയിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ യഥാസമയം അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്തതിനാലും മാനുഷിക പരിഗണന വെച്ചും പ്രസ്തുത കെട്ടിടങ്ങൾ വർഷാരംഭം മുതൽ ഒഴിഞ്ഞു കിടക്കുകയാണെന്ന നേരിട്ട് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലുമാണ് നികുതി ഇളവ് അനുവദിച്ചതെന്ന അറിയിച്ചിട്ടുണ്ട്. നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്. വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-38 തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല.

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| ക്രമ | പേര് | സ്ഥാപനം | അർദ്ധ | വരുമാനം | ഈടാക്കേണ്ടിയിരുന്ന | ഈടാക്കിയ | കുറവ് |
|---|---|---|---|---|---|---|---|

| നമ്പർ | | | വർഷം | | നികുതി | നികുതി | |
|---|---|---|---|---|---|---|---|
| 1 | മത്തായി കെ എഫ് | സെന്റ് സെബാസ്റ്റ്യൻ കുറീസ് ലിമിറ്റഡ്, ചിറ്റാട്ടുകര | ഒന്നാം അർദ്ധവർഷം | 60000 | 600 | 450 | 150 |
| 2 | ജോയ്സി ജോൺസൻ | സെന്റ് സെബാസ്റ്റ്യൻ കുറീസ് ലിമിറ്റഡ്, ചിറ്റാട്ടുകര | ഒന്നാം അർദ്ധവർഷം | 42000 | 300 | 180 | 120 |
| 3 | ഡെയ്സി സെബാസ്റ്റ്യൻ | സെന്റ് സെബാസ്റ്റ്യൻ കുറീസ് ലിമിറ്റഡ്, ചിറ്റാട്ടുകര | ഒന്നാം അർദ്ധവർഷം | 48000 | 450 | 300 | 150 |
| 4 | മത്തായി കെ എഫ് | സെന്റ് സെബാസ്റ്റ്യൻ കുറീസ് ലിമിറ്റഡ്, ചിറ്റാട്ടുകര | രണ്ടാം അർദ്ധവർഷം | 32500 | 300 | 180 | `120 |
| | ആകെ | | | | | | 540 |

മേൽവിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/13.7.2022)മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39 റേഷൻ കടകൾ, കള്ള ഷോപ്പുകൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ ഉറപ്പായും റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടാകുമെന്നിരിക്കെ അവയിൽ നിന്നും പഞ്ചായത്ത് പരിധിയിലെ കള്ള ഷോപ്പുകളിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 14/13.7.2022) മറുപടി ലഭ്യമാക്കിയില്ല. റേഷൻ കടകൾ, കള്ള ഷോപ്പുകൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2020-21 ലെ മരണറിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

| നം | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ ഡി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | അപ്പുക്കുട്ടൻ സി കെ | 15.4.2020 | 2043072243 | ആക്ടീവ് |
| 2 | തോമസ് | 11.5.2020 | 2183420203 | ആക്ടീവ് |
| 3 | ചന്ദ്രൻ എം ആർ | 17.6.2020 | 2220278283 | ആക്ടീവ് |
| 4 | ഫ്രാൻസിസ് | 12.7.2020 | 2043191672 | ആക്ടീവ് |
| 5 | ഉണ്ണിക്കുട്ടി | 17.9.2020 | 2153464373 | ആക്ടീവ് |
| 6 | സുശീല | 12.12.2020 | 107520201863 | ആക്ടീവ് |

2. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2020-21 ലെ മരണറിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും

പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |
| 1 | നാരായണൻ | 2220278299 | കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 31.3.2020 | 45/2020 20.4.2020 | ആക്ടീവ് | 4/20 – 8/20 | 1300 | 6500 | 39000 |
| | | | | | | | 9/20 – 12/20 | 1400 | 5600 | |
| | | | | | | | 1/21 – 3/21 | 1500 | 4500 | |
| | | | | | | | 4/21 – 5/22 | 1600 | 22400 | |
| 2 | തോമസ് | 107510201016 | വാർദ്ധക്യകാല പെൻഷൻ | 26.4.2020 | 50/2020 7.5.2020 | സസ്പെൻഡ് | 5/20 – 10/20 | 1500 | 9000 | 9000 |
| 3 | പദ്മാവതി | 107510200982 | വാർദ്ധക്യകാല പെൻഷൻ | 3.5.2020 | 57/2020 29.5.2020 | സസ്പെൻഡ് | 6/20 – 10/20 | 1500 | 7500 | 7500 |
| 4 | ഭാരതി ഗോപി | 107510600833 | വിധവ പെൻഷൻ | 17.2.2020 | 59/2020 29.5.2020 | സസ്പെൻഡ് | 3/20 | 1200 | 1200 | 10500 |
| | | | | | | | 4/20 – 8/20 | 1300 | 6500 | |
| | | | | | | | 9/20 – 10/20 | 1400 | 2800 | |
| 5 | മീനാക്ഷി | 107510600759 | വിധവ പെൻഷൻ | 10.5.2020 | 60/2020 29.5.2020 | സസ്പെൻഡ് | 6/20 – 8/20 | 1300 | 3900 | 6700 |
| | | | | | | | 9/20 – 10/20 | 1400 | 2800 | |
| 6 | കുഞ്ഞിമോൾ | 107510100460 | കർഷക തൊഴിലാളി പെൻഷൻ | 6.5.2020 | 65/2020 29.6.2020 | സസ്പെൻഡ് | 6/20 – 8/20 | 1300 | 3900 | 6700 |
| | | | | | | | 9/20 – 10/20 | 1400 | 2800 | |
| 7 | ഗോപാലൻ കെ പി | 2220278413 | കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 7.6.2020 | 66/2020 1.7.2020 | സസ്പെൻഡ് | 7/20 – 8/20 | 1300 | 2600 | 20700 |
| | | | | | | | 9/20 – 12/20 | 1400 | 5600 | |
| | | | | | | | 1/21 – 3/21 | 1500 | 4500 | |
| | | | | | | | 4/21 – 8/21 | 1600 | 8000 | |
| 8 | വാറുണ്ണി | 107510201229 | വാർദ്ധക്യകാല പെൻഷൻ | 14.6.2020 | 67/2020 1.7.2020 | സസ്പെൻഡ് | 7/20 – 10/20 | 1500 | 6000 | 6000 |
| 9 | പരീത് പി | 107510202189 | വാർദ്ധക്യകാല പെൻഷൻ | 29.5.2020 | 71/2020 22.7.2020 | സസ്പെൻഡ് | 6/20 – 10/2– | 1500 | 7500 | 7500 |
| 10 | രാമകൃഷ്ണൻ പി എ | 2220278782 | കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 4.6.2020 | 74/2020 22.7.2020 | ആക്ടീവ് | 7/20 – 8/20 | 1300 | 2600 | 27600 |
| | | | | | | | 9/20 – 12/20 | 1400 | 5600 | |
| | | | | | | | 5/21 – 5/22 | 1600 | 20800 | |
| 11 | സരോജിനി | 107510200300 | വാർദ്ധക്യകാല പെൻഷൻ | 3.6.2020 | 77/2020 28.7.2020 | സസ്പെൻഡ് | 7/20 – 10/20 | 1500 | 6000 | 6000 |
| 12 | മുണ്ടി | 107510201161 | വാർദ്ധക്യകാല പെൻഷൻ | 15.8.2020 | 97/2020 25.8.2020 | സസ്പെൻഡ് | 9/20 – 10/20 | 1400 | 2800 | 2800 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 13 | റോസ | 107510600651 | വിധവ പെൻഷൻ | 24.8.2020 | 100/2020 11.9.2020 | സസ്പെൻഡ് | 9/20 | 1400 | 1400 | 1400 |
| 14 | വാസു ടി എ | 107510200158 | വാർദ്ധക്യകാല പെൻഷൻ | 15.2.2020 | 103/2020 25.9.2020 | സസ്പെൻഡ് | 3/20 – 10/20 | 1500 | 12000 | 12000 |
| 15 | ത്രേസ്യ | 107510200734 | വാർദ്ധക്യകാല പെൻഷൻ | 20.9.2020 | 106/2020 28.9.2020 | ആക്ടീവ് | 10/20 – 3/21 | 1500 | 9000 | 33000 |
| | | | | | | | 4/21 – 5/22 | 1600 | 22400 | |
| | | | | | | | 6/22* | 1600 | 1600 | |
| 16 | അന്നമ്മ ആന്റണി | 107510600661 | വിധവ പെൻഷൻ | 22.10.2020 | 126/2020 19.11.2020 | സസ്പെൻഡ് | 11/20 | 1400 | 1400 | 1400 |
| 17 | ജാനകി | 107510100577 | കർഷക തൊഴിലാളി പെൻഷൻ | 5.10.2020 | 132/2020 19.11.2020 | സസ്പെൻഡ് | 11/20 | 1400 | 1400 | 1400 |
| 18 | കുഞ്ഞു മുഹമ്മദ് | 107510200504 | വാർദ്ധക്യകാല പെൻഷൻ | 15.9.2020 | 136/2020 20.11.2020 | സസ്പെൻഡ് | 10/20 – 12/20 | 1400 | 4200 | 4200 |
| 19 | സലിം | 107510200384 | വാർദ്ധക്യകാല പെൻഷൻ | 28.10.2020 | 139/2020 1.12.2020 | സസ്പെൻഡ് | 11/20 | 1400 | 1400 | 1400 |
| 20 | സോമൻ പി ആർ | 107510202659 | വാർദ്ധക്യകാല പെൻഷൻ | 13.11.2020 | 145/2020 29.12.2020 | സസ്പെൻഡ് | 12/20 | 1400 | 1400 | 1400 |
| 21 | അബു കെ | 101990200489 | വാർദ്ധക്യകാല പെൻഷൻ | 4.12.2020 | 147/2020 30.12.2020 | ആക്ടീവ് | 1/21 – 3/21 | 1500 | 4500 | 28500 |
| | | | | | | | 4/21 – 5/22 | 1600 | 22400 | |
| | | | | | | | 6/22* | 1600 | 1600 | |
| 22 | അശോകൻ എം കെ | 2220278378 | കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 20.12.2020 | 1/2021 1.1.2021 | സസ്പെൻഡ് | 1/21 – 3/21 | 1500 | 4500 | 20500 |
| | | | | | | | 4/21 – 1/22 | 1600 | 16000 | |
| 23 | നളിനി എം | 107510400227 | വികലാംഗ പെൻഷൻ-ശാരീരികം | 13.11.2020 | 2/2021 4.1.2021 | സസ്പെൻഡ് | 12/20 | 1400 | 1400 | 1400 |
| 24 | ഫാത്തിമ | 102000200111 | വാർദ്ധക്യകാല പെൻഷൻ | 3.12.2020 | 5/2021 5.1.2021 | സസ്പെൻഡ് | 1/21 | 1500 | 1500 | 1500 |
| 25 | ജാനകി | 107530600126 | വിധവ പെൻഷൻ | 19.12.2020 | 13/21 20.1.2021 | ആക്ടീവ് | 1/21 – 3/21 | 1500 | 4500 | 28500 |
| | | | | | | | 4/21 – 5/22 | 1600 | 22400 | |
| | | | | | | | 6/22* | 1600 | 1600 | |
| 26 | വിശാലാക്ഷിയമ്മ | 107510200530 | വാർദ്ധക്യകാല പെൻഷൻ | 27.12.2020 | 16/2021 20.1.2021 | സസ്പെൻഡ് | 1/21 – 2/21 | 1500 | 3000 | 3000 |
| 27 | കുഞ്ഞമ്മു | 107510100052 | കർഷക തൊഴിലാളി പെൻഷൻ | 24.12.2020 | 25/2021 3.2.2021 | സസ്പെൻഡ് | 1/21 – 2/21 | 1500 | 3000 | 3000 |
| 28 | രാജൻ പി എസ് | 2220278336 | കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 6.1.2021 | 26/2021 3.2.2021 | സസ്പെൻഡ് | 2/21 – 3/21 | 1500 | 3000 | 4600 |
| | | | | | | | 4/21 | 1600 | 1600 | |
| 29 | ഹരിദാസൻ നായർ | 107510200089 | വാർദ്ധക്യകാല പെൻഷൻ | 30.11.2020 | 28/2021 15.2.2021 | സസ്പെൻഡ് | 12/20 | 1400 | 1400 | 4400 |
| | | | | | | | 1/21 – 2/21 | 1500 | 3000 | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 30 | ബാബു രാജൻ പി എം | 2220278251 | കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 24.2.2021 | 41/2021 19.3.2021 | ആക്ടീവ് | 3/21 | 1500 | 1500 | 6300 |
| | | | | | | | 4/21 – 6/21 | 1600 | 4800 | |
| | ആകെ | | | | | | | | | 307900 |

* ക്രമ നമ്പർ 15,21,25 എന്നിവയിലെ ഗുണഭോക്താക്കൾക്കുള്ള ജൂൺ 2022 മാസത്തെ പെൻഷൻ ബാങ്കിന് കൈമാറിയതായാണ് സേവനയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. എളവള്ളി ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/ 13.7.2022) നൽകിയ മറുപടിയിൽ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തവരെ ഒഴിവാക്കാൻ പഞ്ചായത്തിന് സാധിക്കില്ലയെന്നു (ക്രമ നമ്പർ 1 മുതൽ 5 വരെയുള്ളവരുടേത് സാമൂഹ്യ സുരക്ഷാ പെൻഷൻ അല്ലാത്തതിനാലും ക്രമ നമ്പർ 6 മുല്ലശ്ശേരി പഞ്ചായത്തിലെ ഗുണഭോക്താവ് ആയതിനാലും) അറിയിച്ചിട്ടുണ്ട്. കൂടാതെ അധിക പെൻഷൻ നൽകിയ ഗുണഭോക്താക്കളിൽ ക്രമ നമ്പർ 1,7,10,22,28,30 എന്നിവർ "കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ്" വാങ്ങുന്നവർ ആയതിനാലും ക്രമ നമ്പർ 21,24,25 എന്നിവർ യഥാക്രമം ഗുരുവായൂർ നഗരസഭ,ചാവക്കാട് നഗരസഭ,പാവറട്ടി ഗ്രാമപഞ്ചായത്ത്, എന്നീ തദ്ദേശ സ്ഥാപനങ്ങളിലെ നിവാസികൾ ആയതിനാലും എളവള്ളി പഞ്ചായത്തിന് നടപടി സ്വീകരിക്കാൻ കഴിയില്ല എന്നും അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 16,17,19,20 എന്നവരുടെ മരണ റിപ്പോർട്ട് ലഭിച്ച തൊട്ടടുത്ത മാസം സേവന സോഫ്റ്റ്വെയർ ആക്റ്റീവായ ഉടനെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും മരണപ്പെട്ട തീയതിക്കും മരണ റിപ്പോർട്ട് പഞ്ചായത്തിൽ ലഭിച്ച തീയതിക്കും ഇടയിലാണ് പ്രസ്തുത ഗുണഭോക്താക്കൾക്ക് പെൻഷൻ തുക ലഭിച്ചതെന്നും ക്രമ നമ്പർ 18,26,27,29 എന്നവരുടെ മരണ റിപ്പോർട്ട് ലഭിച്ച തൊട്ടടുത്ത മാസം സേവന സോഫ്റ്റ്വെയർ ആക്റ്റീവായ ഉടനെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി തൃപ്തികരമല്ല.സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതാതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എളവള്ളി ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതും അനർഹമായി നൽകിയ 307900 /- രൂപ എത്രയും വേഗം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-41 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി.

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) തീ: 4.3.2021. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. അപ്രകാരം അനർഹമായി പെൻഷൻ കൈപ്പറ്റിയതറിയിച്ചിട്ടും തുക തിരികെ ഒടുക്കിയിട്ടില്ലാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ഗിരിജ | 107510500111 | 67200 |
| 2 | രാധ ഇ | 107510600025 | 89100 |

സർക്കാരിന്റെ 23.1.2020-ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സർക്കുലറുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 27/13.7.22) ലഭ്യമാക്കിയ മറുപടിയിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഒടുക്കുന്നതിന് കത്ത് നൽകിയിട്ടും തുക തിരികെ അടവാക്കിയിട്ടില്ലയെന്നും മേൽ നടപടികൾക്കായി പ്രസ്തുത ഗുണഭോക്താക്കളുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കാൻ അതീവ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-42 വ്യാപാര ലൈസൻസ് അപാകങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് പുറപ്പെടുവിച്ച ഭേദഗതികൾ പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) 2017 ലെ ഭേദഗതി ഉത്തരവ് പ്രകാരം എല്ലാ വിധ സംരംഭക, സേവന പ്രവർത്തനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളടക്കമുള്ളവയെയും ഓഫീസ് മാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും (ഭേദഗതിക്ക് മുൻപ് ലൈസൻസ് എടുക്കാത്തവ) ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കുകയും ആയതിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.
2) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയന്ത്രണപരമായ അനിവാര്യ ചുമതല എന്നതിനോടൊപ്പം നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
3) ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ 482 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 453 സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമേയുള്ളു. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.
5) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി പ്രകാരം കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകുകയും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.
6) അപേക്ഷകളിൽ മൂലധനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഈടാക്കിയ ഫീസ് സംബന്ധിച്ച കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ഉദാ :-സെന്റ് ജോസഫ് സോമിൽ & ഇൻഡസ്ട്രീസ്(IX/270) – ജോയ് വി.ജെ.
7) മരാധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് നല്കുമ്പോൾ സ.ഉ.(സാധാ)നം.540/2013/തസ്വഭവ/തീ.02.03.2013 പ്രകാരം കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സോമിൽസ് & അദർവുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) ചട്ടങ്ങൾ 2012 ലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
7. പാരാമെഡിക്കൽ സ്ഥാപനമായ അശ്വതി ലാബ്- (ഉടമ-സ്മിന കെ.എസ്.) 2020-21 ൽ വ്യാപാരലൈസൻസ് എടുത്തിട്ടില്ല. ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-43 വാടക-റവന്യൂ റിക്കവറി നടപടികളുടെ തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്

വാടകയിനത്തിൽ 2020-21 വർഷത്തിൽ അഭിനി ശശി (XIII/437 B) എന്നയാളിൽ നിന്ന് ലഭിക്കാനുള്ള 254755/- രൂപ ഈടാക്കാൻ വേണ്ടി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/12.7.2022) മറുപടിയായി അറിയിച്ചിട്ടുണ്ട്. നാളിതു വരെ 139392 രൂപ (86697+52695) റവന്യൂ റിക്കവറി വഴി അടവാക്കിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.
അമീർ, രായംമരക്കാർ (XIII/437E) എന്ന വ്യക്തിയുടെ വാടകകുടിശ്ശിക 48900/- രൂപയാണ്. ടി തുക വസൂലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് മറുപടി നല്കിയിട്ടുണ്ട്.
വാടകയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ തുകയും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-44 ബൈലോകൾക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്

1. കടമുറികളുടെ വാടക സംബന്ധിച്ച ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമായിട്ടില്ല

ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക സംബന്ധിച്ച കരട് ബൈലോ 27.06.2022 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്ന് ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്ന ഓഡിറ്റ് എൻക്വയറിക്ക് (നം.3 /00.07.2022 ) മറുപടിയായി അറിയിച്ചിട്ടുണ്ട്. സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വനിത വ്യവസായ എസ്റ്റേറ്റ് വാടകയ്ക്ക് നല്കുന്നതിനുള്ള ബൈലോ

വനിത വ്യവസായ എസ്റ്റേറ്റ് വാടകയ്ക്ക് നല്കുന്നതിനുള്ള ബൈലോ 23/03/2022 ന് സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് എന്ന് മറുപടി നല്കിയിട്ടുണ്ട്.

3. ഗ്യാസ് ക്രെമറ്റോറിയം സംബന്ധിച്ച ബൈലോ

ഗ്യാസ് ക്രെമറ്റോറിയം സംബന്ധിച്ച ബൈലോ 25.01.2022 ന് സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് എന്ന് മറുപടി നല്കിയിട്ടുണ്ട്.

ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യംചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ വാടക സംബന്ധിച്ച ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടത് അനിവാര്യമാണ്.

## 1-45 സബ്സിഡി മാർഗ്ഗരേഖയിലെ സ്പെസിഫിക്കേഷനിൽ നിന്നും വ്യത്യാസപ്പെട്ട് വാങ്ങലുകൾ നടത്തി

നിർവഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പദ്ധതി നം. S0198/21 - ജനറൽ ബി പി എൽ കുടുംബങ്ങളിലെ വയോജനങ്ങൾക്ക് കട്ടിൽ (സ്പിൽ ഓവർ)

അടങ്കൽ- 93280/-

ചെലവ്- 93280/-

ഫണ്ട്-വികസന ഫണ്ട്

ട്രഷറി ബിൽ നം. 1/16.04.2020

വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് 22 കട്ടിലുകളാണ് ടെൻഡർ പ്രകാരം High Look Furniture കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത് (Invoice No.61 /Dtd 17.1.2020). ടെൻഡർ നോട്ടീസ് പ്രകാരം 1.98 മീറ്റർ നീളവും 90 സെമി വീതിയും ഉള്ള, 8 മി.മീ കനമുള്ള പ്ലൈവുഡ് ഉറപ്പിച്ച മരത്തടിയിൽ /സ്റ്റീലിൽ പണിത കട്ടിലിന്റെ നിരക്ക് ക്വോട്ട് ചെയ്യാനാണ് ആവശ്യപ്പെട്ടത്. എന്നാൽ ടി സ്ഥാപനം മുഴുവൻ മരത്തടിയിൽ പണിത കട്ടിലിന്റെ നിരക്കാണ് (4240/- രൂപ)ക്വോട്ട് ചെയ്തത്. ആയത് പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

ഇൻവോയ്സ് പ്രകാരം 6x3 അതായത് 180x90 Cm വലിപ്പമുള്ള കട്ടിലുകളാണ് വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ 198 X90 സെ.മീ വലിപ്പമുള്ള കട്ടിലുകളാണ് സ്പെസിഫിക്കേഷനനുസൃതമായും, സബ്സിഡി മാർഗ്ഗരേഖക്കനുസൃതമായും ചെയ്യേണ്ടിയിരുന്നത്. സബ്സിഡി മാർഗ്ഗരേഖക്കനുസൃതമായി വാങ്ങലുകൾ നടത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-46 ടി.എച്ച്.ആർ.എസ്.ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്

അങ്കവാടികൾ മുഖാന്തിരം വിതരണം നടത്തുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ രണ്ട് മാസത്തിലൊരിക്കൽ വീതം ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010-ലെ ഐ.സി.ഡി.എസ്.ബി-3 -312/2010 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം ന്യൂട്രിമിക്സ് സാമ്പിളുകൾ തൃപ്തികരമല്ല/ഉപയോഗയോഗ്യമല്ല എന്ന ലാബ് റിപ്പോർട്ട് ലഭ്യമാകുന്ന പക്ഷം പ്രസ്തുത ബാച്ചിൽപ്പെട്ട ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല. പരിശോധന വേളയിൽ ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 4/11.7.2022)

## 1-47 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്-കെൽട്രോണിന് അധിക തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥ : ഹെഡ്മിസ്ട്രസ്സ്

പ്രൊജക്ട്- S010/21 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്

ഫണ്ട്-വികസന ഫണ്ട് (എസ്.സി.പി.)

അടങ്കൽ -300000/-

ചെലവ്-299519/-

ട്രഷറി ബിൽ നം. 3/23.11.20 – 295139/-, ബിൽ നം. 6/19.03.21 – 4380/-

മേൽ പദ്ധതി പ്രകാരം 11 ലാപ് ടോപുകൾ എസ്.സി. വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കെൽട്രോണിന്റെ പ്രഫോർമ ഇൻവോയ്സ് പ്രകാരം (ഇൻവോയ്സ് No. 24697/16-3-2021) 22187.91 നിരക്കിൽ 11 ലാപ് ടോപ്പുകൾക്ക് 299519/- രൂപ കെൽട്രോണിന് കൈമാറിയിട്ടുണ്ട്. എന്നാൽ കെൽട്രോണിന്റെ ഒറിജിനൽ ബിൽ പ്രകാരം 11 ലാപ് ടോപുകൾക്ക് 288288.24 രൂപയാണ് വില വന്നിട്ടുള്ളത് (GST Invoice Sl. No. PYS121009276/11.06.2021). ആയതുപ്രകാരം 11230.76 രൂപ ലാപ് ടോപുകളുടെ വില ഇനത്തിൽ കെൽട്രോണിന് അധികം നൽകിയിട്ടുണ്ട്. കെൽട്രോണിന് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/13.07.2022) മറുപടി ലഭ്യമാക്കിയില്ല. കെൽട്രോണിന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-48 പത്താം തരം,പ്ലസ് വൺ, പ്ലസ് ടു തുല്യത -രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്

പ്രോജക്റ്റ്- 12/21 പത്താം തരം, പ്ലസ് വൺ, പ്ലസ് ടു തുല്യത

അടങ്കൽ -59250/-
ചെലവ് –59250/-

ഫണ്ട്-വികസന ഫണ്ട്

ട്രഷറി ബിൽ നം. 7/30.03.2021

പത്താം തരം, തുല്യത കോഴ്സ് ഫീസിനത്തിൽ 26250/- രൂപയും (15 പഠിതാക്കൾക്ക് 1750 രൂപ നിരക്കിൽ) പ്ലസ് ടു തുല്യത കോഴ്സ് ഫീസിനത്തിൽ 33000/- രൂപയും (15 പഠിതാക്കൾക്ക് 2200 രൂപ നിരക്കിൽ) കൂടി ആകെ 59250/- രൂപ സംസ്ഥാന സാക്ഷരത മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ അറ്റൻഡൻസ് രജിസ്റ്റർ, പരീക്ഷ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രൊജക്ടിന്റെ ഫലപ്രാപ്തി പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി- 22/13-07-2022)

## 1-49 സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം നടത്തിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)
1) പ്രോജക്റ്റ്- 27/21 ജീവിതശൈലീരോഗനിയന്ത്രണം-സബ് സെന്റർ ക്ലിനിക്കുകളുടെ ശാക്തീകരണം

അടങ്കൽ – 75000/-
ചെലവ് - 75000/-

ഫണ്ട്-വികസന ഫണ്ട്

ട്രഷറി ബിൽ നം. 6/19.08.2020

Accurate Health Care, തൃശ്ശൂരിൽ നിന്നും ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് 60 എണ്ണം (സ്ട്രിപ്പ് ഒന്നിന് 1106/- രൂപ നിരക്കിൽ) ജി എസ് ടി ഉൾപ്പെടെ 70000/-രൂപയ്ക്ക്, മേൽ പ്രൊജക്റ്റ് പ്രകാരം വാങ്ങിയിട്ടുണ്ട് (Invoice No.AHC/621/20-21/11.08.2020). എന്നാൽ ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ തന്നെ വിതരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

2)പ്രൊജക്റ്റ് : 35/21 ആന്റി നേറ്റൽ ക്ലിനിക്കുകളുടെ ശാക്തീകരണം - സബ് സെന്റർ ലെവൽ
അടങ്കൽ – 36000/-
ചെലവ് - 35500/-

ഫണ്ട്-വികസന ഫണ്ട്

ട്രഷറി ബിൽ നം.19/27.02.2021

ഈ പ്രൊജക്റ്റ് പ്രകാരം Biomedix Solutions ൽ നിന്നും BPL Foetal Doppler FD01, (ഒന്നിന് 5267.85 രൂപ നിരക്കിൽ) ജി എസ് ടി ഉൾപ്പെടെ 35500/-രൂപയ്ക്ക് 6 എണ്ണം വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിനിയോഗവിവരം പരിശോധിക്കാൻ ആയതിനാൽ സാധിച്ചിട്ടില്ല. സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവു തുക 110500/-രൂപ തടസ്സപ്പെടുത്തുന്നു.

സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/13.07.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-50 കാൻ തൃശ്ശൂർ -വിനിയോഗരേഖകൾ ലഭ്യമായിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)
പ്രോജക്റ്റ്- 62/21 കാൻ തൃശ്ശൂർ - ജില്ലാ പഞ്ചായത്തിന് വിഹിതം നല്കൽ

അടങ്കൽ -80000/-
ചെലവ് –80000/-

ഫണ്ട്-വികസന ഫണ്ട്

ട്രഷറി ബിൽ നം. 13/23.01.2021

ഈ പ്രൊജക്റ്റ് പ്രകാരം ജില്ലാ പഞ്ചായത്തിന് തുക നല്കിയിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗരേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-51 ലൈഫ് ഭവന പദ്ധതി -പണി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ. (വാക സർക്കിൾ)
1) പ്രോജക്റ്റ് : 04/21 ലൈഫ് ഭവന പദ്ധതി - ജനറൽ
അടങ്കൽ -3250000/-

ചെലവ് –2440000/-

ഫണ്ട്-വികസന ഫണ്ട് -1250000/-,
ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 790000/-,
ജില്ലാ പഞ്ചായത്ത് വിഹിതം400000/-

മേൽ പ്രോജക്റ്റ് പ്രകാരം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ശ്രീമതി. സുനിത മനോജ്, പൂവന്തറ എന്ന ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനായി 18-09-2020 ന് 40000 രൂപയും 18-01-2022 ന് 160000 രൂപയും 19-03-2022 ന് 100000 കൂടി ആകെ 300000 രൂപ അനുവദിച്ചിരുന്നു. എന്നാൽ നാളിതുവരെ വീടുപണി പൂർത്തിയാക്കിയിട്ടില്ല.

2) പ്രോജക്റ്റ് : 05/21 ലൈഫ് ഭവന പദ്ധതി- എസ്. സി.
അടങ്കൽ -2613679/-

ചെലവ് –780000/-

ഫണ്ട്-എസ്.സി.പി.-613679/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 166321/-

മേൽ പ്രോജക്റ്റ് പ്രകാരം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ശ്രീമതി ആതിര, കൈപ്പങ്ങൾ എന്ന ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനായി 16-09-2020 ന് 40000 രൂപ അനുവദിച്ചിരുന്നു. എന്നാൽ നാളിതുവരെ വീടുപണി പൂർത്തിയാക്കിയിട്ടില്ല. തുടർന്നുള്ള ഘട്ടങ്ങളിലെ തുക കൈപ്പറ്റുന്നതിന് ആവശ്യമായ പ്രവൃത്തികൾ നടത്തിയിട്ടുമില്ല.
നിരവധി തവണ നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടും ഫോൺ മുഖാന്തിരവും അറിയിപ്പുകൾ നല്കിയിരുന്നു എന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. [ഓഡിറ്റ് എൻക്വയറി (25/13.7.22)]

## 1-52 വീട് വാസയോഗ്യമാക്കൽ (എസ്.സി.)-ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ. (വാക സർക്കിൾ)

പ്രൊജക്റ്റ്- 25/21 വീട് വാസയോഗ്യമാക്കൽ (എസ്.സി.)

ഫണ്ട്-വികസന ഫണ്ട് (എസ്.സി.പി.)
അടങ്കൽ -600000/-

ചെലവ്-587500/-
ബിൽ നം.27/30.01.2021 – 75000/-

മേൽ പ്രൊജക്റ്റ് പ്രകാരം ഒരു വ്യക്തിക്ക് 12500/-രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ പ്രൊജക്റ്റിന്റെ ഗുണഭോക്താവായ ശ്രീ.ബൈജു വാസു ചക്കാണ്ടൻ എന്ന വ്യക്തി എസ്.സി. വിഭാഗത്തിൽപ്പെടുന്നയാൾ ആണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. തെളിവ് രേഖകൾ ഹാജരാക്കാത്തതിനാൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ഗുണഭോക്താവിന്റെ അർഹത ഉറപ്പുവരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ആയതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-53 ചെലവു രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

മഴക്കാല പൂർവ്വ ശുചീകരണ പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾക്കായി വാർഡ് ഒന്നിന് 160000രൂപ വൗച്ചർ നം 220001555/7-5-20പ്രകാരവും, വാർഡ് ഒന്നിന് 5000രൂപ വീതം 80000 രൂപ വൗച്ചർ നം 220001556/7-5-20 പ്രകാരവും വാർഡുതല ആരോഗ്യ ജാഗ്രത സാനിറ്റേഷൻ സമിതിക്കു കൈമാറിയിട്ടുണ്ട്. കൈമാറിയ തുകകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 240000രൂപ തടസ്സത്തിൽ വെയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി 20/13-7-22 )

## 1-54 ജലനിധി പദ്ധതി-കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി നിർദേശങ്ങൾ നടപ്പാക്കേണ്ടതാണ്.

കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി പ്രോജക്റ്റ് ഡയറക്ടറുടെ(KRWSA മലപ്പുറം, ജലനിധി 2പ്രോജക്റ്റ്, ബാച്ച് എളവള്ളി ഗ്രാമ പഞ്ചായത്ത്) 15-10-2ലെ KRWSA-MLPM/166/2018/JPC2 നടപടിക്രമം പ്രകാരം ജലനിധി പദ്ധതികൾ പൂർത്തിയായതിനാൽ എളവള്ളി ഗ്രാമ പഞ്ചായത്തിനെ പദ്ധതിയിൽ നിന്നും മാറ്റി Exit Order പുറപ്പെടുവിച്ചിട്ടുണ്ട്.

Exit Order പ്രകാരം പദ്ധതിയിൽ നിന്നും വിടുതൽ ചെയ്യുമ്പോൾ,ജലനിധി പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങിയ ഭൂമി മുതലായ ആസ്തികൾ, ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കാനും, ജലനിധി അക്കൗണ്ട് ക്ലോസ് ചെയ്യാനും നിർദേശിക്കുന്നുണ്ട്. (A/C NO.433300100082594 Punjab National Bank- 31-3-21 ലെ നീക്കിയിരുപ്പ് തുക 1551568.52) എന്നാൽ നിലവിലും ഈ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല. ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കിയ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (ഓഡിറ്റ് എൻക്വയറി 21/13-7-22) 9-3-21 ൽപുതുതായി ആരംഭിച്ച ജലജീവൻ മിഷൻ അക്കൗണ്ടിലേക്ക് ( A/C NO.4333000100106458 Punjab National Bank-) ജലജീവൻ മിഷൻ അറിയിക്കുന്ന മുറക്ക് തുക കൈമാറുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-55 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതിക്കായി കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| ക്രമ നം | പദ്ധതി നം /പദ്ധതിയുടെ പേര് | തുക അനുവദിച്ചത് | ബിൽ നം / വൗച്ചർ നം/തിയതി | തുക |
|---|---|---|---|---|
| 1 | 2/21<br>ഐ കെ എം വിഹിതം നൽകൽ | ഐ കെ എം | 220007/11.2.2137 | 63730 |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി 10/12.7.22)

## 1-56 ആശ്രയ പദ്ധതി - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നടപ്പിലാക്കിയ ആശ്രയ പദ്ധതിയ്ക്കായി (പദ്ധതി നം.20/21) ബിൽ നം 16/20-21/16.1.21 പ്രകാരം 200000/-രൂപ കുടുംബശ്രീ സി ഡി എസ് ചെയർപേഴ്സന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ തുക തടസ്സത്തിൽ വെയ്ക്കുന്നു. (എൻക്വയറി നം.10/12.07.2022)

## 1-57 മാലിന്യ സംസ്കരണ കേന്ദ്രം വൈദ്യുതീകരണം -സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

പ്രോജക്റ്റ് നം - 221/21

ബിൽ നം - 2/20-21/ 20.4.20, തുക 60000

മാലിന്യ സംസ്കരണ കേന്ദ്രം വൈദ്യുതീകരണം എന്ന പദ്ധതിയ്ക്കായി മേൽ പ്രകാരമുള്ള തുക കെ എസ് ഇ ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കെ എസ് ഇ ബി യിൽ നിന്നുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. മാത്രവുമല്ല സ്ഥാപനവുമായി കരാറിലേർപ്പെട്ടതായും കാണുന്നില്ല. സ.ഉ (കൈ) 11/2018 തസ്വ ഭ വ തിയതി.29.1.18 ഖണ്ഡിക 11(ഡി) (ii) പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതും തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെട്ടതിനുശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ എന്നും നിർദ്ദേശിക്കുന്നുണ്ട്. സർക്കാർ നിർദ്ദേശം

കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (എൻക്വയറി നം.10/12.07.2022)

## 1-58 ക്രിമിറ്റോറിയം മോടിപിടിപ്പിക്കൽ - കാലതാമസം കൂടാതെ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രോജക്ട് നം - 297/21

വൗച്ചർ നം - 22000450 /9.3.21 തുക 228000

ക്രിമിറ്റോറിയം മോടിപിടിപ്പിക്കൽ എന്ന പദ്ധതി കോസ്റ്റ്ഫോർഡ് മുഖേനയാണ് നടപ്പിലാക്കുന്നത്. ഇത് പ്രകാരം കോസ്റ്റ്ഫോർഡ് സമർപ്പിച്ച എസ്റ്റിമേറ്റും പ്ലാനും പഞ്ചായത്ത് കമ്മിറ്റി 17.2.20 ന് 2(8) തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 1140000 രൂപയാണ്. ആയതിന് 10.3.20 ന് 243/2019-20ആയി സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. കോസ്റ്റ്ഫോർഡുമായി കരാർ വെച്ചതിന്റെ അടിസ്ഥാനത്തിൽ (കരാർ നം - 91/19-20/20.3.20) എസ്റ്റിമേറ്റ് തുകയുടെ 20% ആയി ആദ്യ ഗഡു (തുക 228000) 2019-20 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 20-21ൽ മേൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം 11 മാസമായിരുന്ന പ്രവൃത്തിയുടെ കാലാവധി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 6മാസം കൂടി പ്രവൃത്തി കാലാവധി നീട്ടി നൽകിയിട്ടുണ്ടെങ്കിലും 2020-21ൽ പ്രവൃത്തി പൂർത്തിയാകേണ്ടതായിരുന്നു. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം - 10/12.7.22) ക്രിമിറ്റോറിയത്തിൽ പുതിയ ചേമ്പറും അനുബന്ധ സംവിധാനങ്ങളും അടിയന്തിരമായി മാറ്റി സ്ഥാപിക്കേണ്ട സാഹചര്യം വന്നതിനാൽ ആയത് പൂർത്തീകരിച്ചതിനുശേഷം ക്രിമിറ്റോറിയം മോടിപിടിപ്പിക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് ഉചിതമെന്നത് എന്നതിനാൽ ബാക്കി പ്രവൃത്തി 22-23 ൽ പൂർത്തീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-59 ബഡ്സ് സ്കൂൾ നിർമ്മാണം തുടർച്ച- പണി പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം - 299/21

ബിൽ നം - 6/20-21/ 17.11.20 തുക 1000000

ബിൽ നം - 11/20-21/ 17.11.20 തുക 200000

ബഡ്സ് സ്കൂൾ നിർമ്മാണം ഫർണ്ണിഷിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ് ഫോർഡ് മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണം നടത്തുന്നതിനായി 2018-19ൽ ആരംഭിച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 4465000 രൂപയാണ്. ആയതിന് 24.1.19 ന് 145/2018-19ആയി സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. കോസ്റ്റ്ഫോർഡുമായി 144/18-19/12.2.19 ാം നമ്പറായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇത് പ്രകാരം 2018-19 ൽ 893000 രൂപയും 2019-20 ൽ 100000 രൂപയും ഉൾപ്പെടെ ആകെ 993000 രൂപ സ്ഥാപനത്തിന് കൈമാറുകയും അനുവദിച്ച തുകയ്ക്കുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുകയും ചെയ്തതിട്ടുണ്ട്. തൻ വർഷം ഈ പദ്ധതിയ്ക്കായി പ്ലാൻ ഫണ്ട് സാധാരണ വിഹിതം 200000രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1000000രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 200000രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും പ്ലാൻ ഫണ്ടും സ്ഥാപനത്തിന് കൈമാറിയിയിട്ടുണ്ട്. എന്നാൽ നൽകിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്. 6.9.21 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 5/1 പ്രകാരം നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല എന്നും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തത് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന കെട്ടിടത്തിന് അപകട ഭീഷണി സൃഷ്ടിക്കുന്നുണ്ടെന്നും ആകയാൽ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ജില്ലാ കളക്ടറോടും കോസ്റ്റ്ഫോർഡ് ജോയിന്റ് ഡയറക്ടറോടും ആവശ്യപ്പെടുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കോസ്റ്റ്ഫോർഡ് ജോയിന്റ് ഡയറക്ടറുമായി ചേർന്ന യോഗതീരുമാനത്തിൽ 2022 ഫെബ്രുവരി 28 നകം പൂർത്തീകരിക്കുന്നതിന് തീരുമാനമെടുത്തു കാണുന്നു. എന്നാൽ നാളിതുവരെ പണിപൂർത്തീകരിച്ചതായി കാണുന്നില്ല. ആയതിന്മേൽ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം - 11/13.7.22) 2021-22 വരെയുള്ള വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 3193000രൂപ നൽകിയതായും 3086000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷത്തിൽ പണി പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-60 പ്രവൃത്തി പൂർത്തീകരണം- കാലതാമസത്തിന്പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് തവണ കരാർ കാലയളവിന്റെ 25% കൂടി നീട്ടി അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധിദീർഘിപ്പിക്കുന്നതിനുള്ള കരാറുകാരന്റെ അപേക്ഷ, ഭരണ സമിതി തീരുമാനങ്ങൾ എന്നിവ ഫയലിൽ ഇല്ല. അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണകാലതാമസത്തിന്പിഴഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് | എസ്റ്റിമേറ്റ് ഭരണ അനുമതി, സാങ്കേതിക അനുമതി, എഗ്രിമെന്റ് | പ്രവൃത്തി ആരംഭിച്ച തീയതി | പ്രവൃത്തി പൂർത്തീ കരിക്കേണ്ടത് | പ്രവൃത്തി പൂർത്തീ കരിച്ചത്, എം.ബുക്ക് പ്രകാരം) എം.ബുക്ക് | പി എ സി | കരാറുകാരൻ | ഫൈനൽ ബിൽ | ഈടാ ക്കേണ്ട പിഴ |
|---|---|---|---|---|---|---|---|---|
| S0196/21 കൊച്ചി ക്കാരൻ റോഡ് റീടാറിംഗ്, വീതി കൂട്ടൽ | 186000 1/5-9-18 87598/28-9-18 36/AE/ LSGD/ELY 18-19/15-11-18 | 15-11-18 | 14-5-19 | 25-1-20 68/19-20 | 176672 | പി.എസ്.പ്രേമൻ | 145394 (ട്രഷറിബിൽ 6/15-4-20) | 5300.16 (3% Of PAC) |

കരാറുകാരനിൽ നിന്നും പിഴ ഈടാക്കി വിവരംഅറിയിക്കേണ്ടതാണ്.

## 1-61 വനിത ടോയ്‌ലറ്റിൽ എയർകണ്ടീഷണർ സ്ഥാപിച്ചത്- പ്രോജക്റ്റിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ്- So, 328/21 പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ വനിത ടോയ്‌ലറ്റ് സജ്ജീകരണം

നിർവഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ട്- വികസനഫണ്ട്

അടങ്കൽ-76500

ചെലവ്-76500

ട്രഷറി ബിൽ

1.11/15-12-20-28500

2.16/16-1-21 -48000

പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ വനിത ടോയ്‌ലറ്റ് സജ്ജീകരിക്കുന്നതിന്റെ ഭാഗമായി ടോയ്‌ലറ്റിലേക്ക് ആവശ്യമായ സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷിൻ, നാപ്കിൻ ഡിസ്ട്രോയർ എന്നിവ വാങ്ങി സ്ത്രീ സൗഹൃദ ടോയ്‌ലറ്റ് ഒരുക്കുക എന്നതാണ് പ്രോജക്റ്റിൽ ലക്ഷ്യമിട്ടിരുന്നത്. വനിത ടോയ്‌ലറ്റിൽ എയർകണ്ടീഷണർ സ്ഥാപിക്കൽ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ മേൽ മൂന്ന് ഇനങ്ങളും ഉൾപ്പെടുത്തി, ടെണ്ടർ ക്ഷണിക്കുകയും, 28-9-20 ലെ 3(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ടെണ്ടറുകൾ അംഗീകരിക്കുകയും ചെയ്തു. നാപ്കിൻ വെൻഡിംഗ് മെഷിൻ (15000രൂപ വില വരുന്നത്), നാപ്കിൻ ഡിസ്ട്രോയർ (33000രൂപ വില വരുന്നത്) എന്നിവ തിരുവനന്തപുരത്തെ ഫ്ലോററ്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി സ്ഥാപിച്ചു. 31-10-20ലെ (7)നം പർച്ചേയ്സ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എ.കെ.എഞ്ചിനീയറിംഗ് കമ്പനിയിൽ നിന്ന് 1 Ton Split A/C (Cruise Mark, 3 Star) 28500 രൂപ നിരക്കിൽ വാങ്ങി ടോയ്‌ലറ്റിൽ സ്ഥാപിച്ചു. (ഇൻവോയ്സ് നം.18/B2.PRO.322/20-21 /5-11-20) മേൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.എയർകണ്ടീഷണർ സ്ഥാപിക്കൽ പ്രോജക്റ്റിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായിട്ടില്ല. മേൽ ഇനം കൂടി ഉൾപ്പെടുത്തി പ്രോജക്റ്റ്, റിവൈസ് ചെയ്ത് പിന്നീട്അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

2.പൊതു ടോയ്‌ലറ്റായതിനാലും,സെൻട്രലൈസ്ഡ് എയർകണ്ടീഷണർ സംവിധാനമല്ലാത്തതിനാൽ തന്നെ, വായുവിന്റെ സുഗമമായ സഞ്ചാരത്തിന് തടസ്സം നേരിട്ട് അന്തരീക്ഷം കൂടുതൽ മലീമസമാകാൻ ഇടയാകും.

അംഗീകാരം ലഭ്യമാക്കാതെ പദ്ധതിക്കായി തുക ചെലവഴിച്ചതിനാൽ 28500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 3/7-7-22)

## 1-62 ഇൻസിനറേറ്റർ -തുടർ പ്രവർത്തനം ഉറപ്പ് വരുത്തേണ്ടതാണ്

പ്രോജക്റ്റ്-SO 316/21പഞ്ചായത്ത് കോമ്പൗണ്ടിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ

ഫണ്ട് -ധനകാര്യ കമ്മീഷൻ ഗ്രാന്റ് 4,20,000

ചെലവ്-4,20,000 ട്രഷറി ബിൽ -20/24-2-21

എഗ്രിമെന്റ്-29/AE/LSGD/EVLY/5-10-20

ഭരണ സമിതി തീരുമാനം-4(5)/28-9-20

ഗ്രാമ പഞ്ചായത്തിലെ പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട്, അഡൽറ്റ് ഡയപ്പർ, സാനിറ്ററി നാപ്കിനുകൾ മുതലായവയുടെ സംസ്കരണത്തിനായി, 4,20,000 രൂപ ചെലവിൽ 200 KG ഭാരം വരുന്ന ഇൻസിനേറ്റർ പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥാപിച്ചിട്ടുണ്ട്. 30-50 KG വരെയുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ശേഷിയുള്ളതാണ് ഇൻസിനേറ്റർ എന്ന ഫയലിലിൽ നിന്നും അറിയുന്നു. മെഡിക്കൽ വേയ്സ്റ്റ്, പരിസര മലിനീകരണം സൃഷ്ടിക്കാതെ നിർമാർജ്ജനം ചെയ്യുന്നതിന് മെഷിനറിക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ലഭ്യമായ സർട്ടിഫിക്കറ്റുകളും ഫയലിലുണ്ട്. ടെണ്ടർ മുഖേന തിരുവനന്തപുരത്തെ ഫ്ലോററ്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

ബയോ മെഡിക്കൽ വേയ്സ്റ്റ് ,പരിസര മലിനീകരണം സൃഷ്ടിക്കാതെ നിർമാർജനം ചെയ്യുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായുള്ള തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ച് കാണുന്നില്ല.ഇൻസിനേറ്ററിന്റെ സുഗമമായ പ്രവർത്തനത്തിനായി ,വാറണ്ടി കാലയളവിനു ശേഷവുംകമ്പനിയുമായി ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് വെച്ചിട്ടില്ല.ബയോ മെഡിക്കൽ വേയ്സ്റ്റ് ശേഖരിക്കുന്നതിനും,പഞ്ചായത്തിലേക്ക് എത്തിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സ്വീകരിച്ചിട്ടില്ല.

പദ്ധതിയിൽ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 19/13-7-22 )

## 1-63 ഡെപ്പോസിറ്റ് പ്രവൃത്തി- ഭൂജല വകുപ്പിൽ നിന്ന് തിരികെ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്

പ്രോജക്റ്റ് - S0228/21പഞ്ചായത്തിൽ ബോർവെൽ സ്ഥാപിക്കൽ

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

ഫണ്ട്-ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 100000(ട്രഷറി ബിൽ നം-32/15-5-20)

തനത് 70000(വൗച്ചർ നം 22000303/2-6-20)

പഞ്ചായത്തിൽ ബോർവെൽ സ്ഥാപിക്കുന്നതിനായി 1,7000രൂപ ഭൂജല വകുപ്പിന് കൈമാറിയിട്ടുണ്ട്. ഭൂജല വകുപ്പിന്റെ 17-5-22- ലെ നം.1/2022-23 കത്തു പ്രകാരം, ഡെപ്പോസിറ്റ് തുകയിൽ 160175 രൂപ പദ്ധതിക്കായി വിനിയോഗിച്ചതായും, ശേഷിക്കുന്ന 9825 രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് മാറിനൽകിയതായും അറിയിച്ചിട്ടുണ്ട്. (A/C NO.3774265345, SBI, പൂവത്തൂർ) ഭൂജല വകുപ്പിൽ നിന്ന് തിരികെ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി 19/13-7-22 )

## 1-64 പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല

സ.ഉ.(പി)നം.144/2001/എൽ.എസ്.ജി.ഡി.11-6-2001 പ്രകാരം പഞ്ചായത്തുകളിലെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതേ ഉത്തരവിലെ ക്രമ നം.3 പ്രകാരം മേൽ വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ നിജപ്പെടുത്തി പഞ്ചായത്ത് ഡയറക്ടറുടെ നിർദേശ പ്രകാരം പഞ്ചായത്തുകൾ പൊതു ഖജനാവിലേക്ക് അടവാക്കാനും നിർദേശിച്ചിട്ടുണ്ട്.

എന്നാൽ തനതു ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ, പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരി ശ്രീമതി റെജി സൈമണിന്റെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി-20/13-7-22) ജീവനക്കാരിയുടെടെ പെൻഷൻ

കോൺട്രിബ്യൂഷൻ നിജപ്പെടുത്തി അടവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | കൊച്ചിൻ ഫ്രോണ്ടിയർ തോട് | 173691 | 26309 |
| | | 100000 | ഭാവി മുകുളങ്ങൾക്ക് പോഷകാഹാരം | 100000 | 0 |
| | | 300000 | ഭിന്നശേഷി സ്കോളർഷിപ്പ് | 300000 | 0 |
| | | 470000 | ലൈഫ് ജനറൽ | 470000 | 0 |
| | | 166321 | ലൈഫ് എസ്.സി. | 166321 | 0 |
| | | 20000 | റിവോൾവിംഗ് ഫണ്ട് | 20000 | 0 |
| | | 86402 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 86402 | 0 |
| | | 120000 | ക്ഷീര സമൃദ്ധി | 120000 | 0 |
| | | 1000000 | ബഡ്സ് സ്കൂൾ | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 245500 | ഭിന്നശേഷി സ്കോളർഷിപ്പ് | 245500 | 0 |
| | | 400000 | ലൈഫ് ജനറൽ | 400000 | 0 |
| | | 300000 | ഭാവി മുകുളങ്ങൾക്ക് പോഷകാഹാരം | 300000 | 0 |
| | | 9999 | റിവോൾവിംഗ് ഫണ്ട് | 9999 | 0 |
| | | 292827 | വാക കുണ്ടുപാടം റോഡ് | 292827 | 0 |
| | | 500000 | ജനശക്തി കാക്കശ്ശേരി റോഡ് | 500000 | 0 |
| | | 450000 | സാന്ത്വനം | 450000 | 0 |
| | | 120000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 120000 | 0 |
| | | 268450 | കൊച്ചിൻ ഫ്രോണ്ടിയർ തോട് | 268450 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| Costford | ക്രെമറ്റോറിയം മെയിന്റെനൻസ് | 22000480 | 228000 | 0 | 228000 |
| KSEB | മാലിന്യ സംസ്കരണ വൈദ്യുതീകരണം | -- | 60000 | 0 | 60000 |
| | ലക്ഷം വീട് കോളനിയിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | -- | 16571 | 0 | 16571 |
| GWD | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ ബോർവെൽ | 42000678<br>42000680 | 100000<br>70000 | 0 | 170000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 13800/- | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | ആകെ | 13800/- | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13800/- | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | | കേരള റൂറൽ ഏംപ്ലോയ്മെൻറ് ആൻറ് വെൽഫെയർ സൊസൈറ്റി നം.89 തിയ്യതി 05/07/2021 | 5000/- |
| | | തൃശ്ശൂർ ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ വാഴാനി(ഷെയർ) 226/14/11/88 | 1000/- |
| | | പി പി ദേവസ്സി ഷഷ്ടി പൂർത്തി സ്മാരക എൻഡോവ്മെൻറ് FDR No. 102140010054190 | 7000 |
| | | പി കെ ബാലകൃഷ്ണന് റിട്ടയർമെൻറ് സ്മാരക എൻഡോവ്മെൻറ് FDR No. 102140010054190 | 800 |
| | | ആകെ | 13800/- |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വായ്പയുടെ തുക വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | - | 6465002 | 6465002 | 614667 | | 5850335 |

വായ്പാ ഇനത്തിൽ തൻവർഷത്തെ തിരിച്ചടവ് തുക വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 91927844 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89887567 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5790000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-49 | 110500 | ഡോ.ചിന്ത.കെ.പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-53 | 240000 | തോമാസ് അലിയാസ് രാജൻ, സെക്രട്ടറി |
| 1-56 | 200000 | തോമാസ് അലിയാസ് രാജൻ, സെക്രട്ടറി |
| 1-61 | 28500 | ആൽഫ്രഡ്.എം.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 579000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും | സ്ഥിരം മേൽവിലാസം |
|---|---|

| | |
|---|---|
| ഉദ്യോഗപ്പേരും | |
| തോമാസ് അലിയാസ് രാജൻ, സെക്രട്ടറി | മാറോക്കി വീട്, മറ്റം പി.ഒ. തൃശ്ശൂർ |
| ഡോ.ചിന്ത.കെ.പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | പണ്ടിരിക്കൽ വീട്, പുഴയ്ക്കൽ പി.ഒ, തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1981 മുതൽ 1988 വരെ | എൽ എഫ് ടി 11-1084/98/26.07.98 | |
| 88-89 മുതൽ 89-90 വരെ | എൽ എഫ് ടി 11-148/94/20.10.94 | |
| 90-91 | ടി | |
| 91-92 | എൽ എഫ് ടി 11-626/93/20.11.93 | |
| 92-93 | ടി | |
| 93-94 | ടി | |
| 94-95 | എൽ എഫ് ടി 15-1239/04/28.01.05 | |
| 95-96 | എൽ എഫ് ടി 15-1238/04/17.02.05/ 07.06.05 | |
| 96-97 | എൽ.എഫ്.ടി.15-1240/04/07.02.05 | |
| 97-98 | എൽ എഫ് ടി 15-1237/04/08.02.05/ 07.06.05 | |
| 98-99 | എൽ എഫ് ടി 15-1236/04/14.02.05/ 01.07.05 | |
| 99-2000 | എൽ എഫ് ടി 15-1811/17.02.06 | |
| 99-2000-2000-01 2001-02 ജനകീയആസൂത്രണം | എൽ എഫ് ടി 15-1016/04/16.4.04/ 13.07.04 | |
| 2000-01-2001-02 | എൽ എഫ് ടി 15-2377/07/09.11.07 | |
| 2002-03 | എൽ എഫ് ടി 15-1052/08/21.04.10 | |
| 2003-04 | എൽ എഫ് ടി 15-1053/08/21.04.10 | |
| 2004-05 | എൽ എഫ് ടി 15-210/09/22.04.10/ 05.06.10 | |
| 2005-06 | എൽ എഫ് ടി 15-420/10/13.09.10 | |
| 2006-07 | എൽ എഫ് ടി 15-421/10/14.09.10/ 14.02.11 | |
| 2007-08 | എൽ എഫ് ടി പി7)374/11/11.03.11 | |
| 2008-09 | എൽ എഫ് ടി (പി7)375/11/15.03.11 | |
| 2009-10 | എൽ എഫ് ടി (പി7)376/11/16.03.11/ 31.03.11 | |
| 2010-11 | എൽ എഫ് ടി (പി1)2407/12/16.07.13 | |
| 2011-12 | എൽ എഫ് ടി (പി1)714/13/16.08.13/ 05.10.13 | |
| 2012-13 | എൽ എഫ് ടി (പി5)58/2014/ 12.08.14/ 18.09.14 | |
| 2013-14 | കെ എസ് എ-ടി എസ് ആർ (പി5)190/15 08.07.15 /28.09.15 | |
| 2014-15 | കെ എസ് എ-ടി എസ് ആർ (പി5)932/16 തീയ്യതി 13.06.16 | |
| 2015-16 | കെ എസ് എ-ടി എസ് ആർ (പി5)2126/16 തീ. 16.1.17/ 31.1.17 | |
| 2016-17 | കെ എസ് എ-ടി എസ് ആർ (പി5)1640/17 | |

| | | |
|---|---|---|
| | തീ. 30.11.17/ 28.12.17 | |
| 2017-18 | കെ എസ് എ-ടി എസ് ആർ (പി5)1844/2018<br>തീ. 17.01.19 | |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ.(പി.5)1782/2019<br>തീ. 19.05.2020 | |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ.(പി4)979/2022.<br>തീ. 03/07/2022 | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്